**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 572** **11-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനായി പുതിയതായി എത്ര ബസ്സുകൾ വാങ്ങുന്നതിനും നിരത്തിലിറക്കുന്നതിനും കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2016 മുതൽ 2021 വരെ 101 ബസുകൾ വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്. പുതുതായി 460 ബസുകൾ വാങ്ങുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ഇതിൽ 2020-21 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ വകയിരുത്തിയ 50 കോടി രൂപ ഉപയോഗിച്ച് 100 ബസുകൾ (A/C Seater Bus – 20 Nos., + AC Sleeper Bus – 8 Nos., + Non AC Air Bus –72 Nos.) എന്നിവ വാങ്ങുന്നതിനുള്ള ഉത്തരവ് നൽകിക്കഴിഞ്ഞു. 310 CNG ബസുകളും 50 Electric ബസുകളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | യാത്രക്കാരുടെ സുരക്ഷയും സുഗമമായ യാത്രയും ഉറപ്പുവരുത്തുന്നതോടൊപ്പം പരിസ്ഥിതി സൗഹൃദ മാർഗ്ഗങ്ങളും ഇന്ധനക്ഷമതയും കൈവരിക്കുന്നതിനായി നടപ്പിലാക്കുന്ന പരിഷ്കാരങ്ങളുടെയും തീരുമാനങ്ങളുടെയും പുരോഗതി അറിയിക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരിസ്ഥിതി സൗഹൃദ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേയ്ക്കും സി.എൻ.ജി.യിലേയ്ക്കും, മാറ്റുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2020-2021 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി വാഹന നിർമ്മാതാക്കളിൽ നിന്നും സി.എൻ.ജി എഞ്ചിനും അനുബന്ധ സാമഗ്രഹികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. കൂടാതെ, ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനു മുന്നോടിയായി ആദ്യ ഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ദർഘാസ് ക്ഷണിച്ച് കുറഞ്ഞ |

നിരക്ക് രേഖപ്പെടുത്തിയ M/s. Jiolat Auto Gas Industries, New Delhi എന്ന സ്ഥാപനത്തിന് 5 ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനു ക്ഷണിച്ച ദർഘാസിൽ താഴെപ്പറയുന്ന 3 സ്ഥാപനങ്ങൾ സാങ്കേതിക യോഗ്യത നേടിയിട്ടുണ്ട്. 1. M/s. Jiolat Auto Gas Industries, New Delhi 2. M/s CLH Gaseous fuel applications Private Limited 3. M/s. Advantek Fuel Systems Pvt Ltd. ദർഘാസിന്റെ അടുത്ത ഘട്ടമായി ഓരോ ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNGയിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേരള സർക്കാർ ആവിഷ്കരിച്ച ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി 2018-ൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ സർവ്വീസിനായി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഇതിൽ 2 ബസ്സുകൾ കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡിന് സർവ്വീസ് നടത്തുന്നതിനായി വിട്ട് നൽകിയിട്ടുള്ളതും, ശേഷിക്കുന്ന 8 ബസ്സുകൾ കോർപ്പറേഷന്റെ പക്കലും ലഭ്യമാണ്. കെ.എസ്.ആർ.ടി.സി വാടക അടിസ്ഥാനത്തിൽ 10 എ.സി. ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ച് 17.11.2018 മുതൽ സർവ്വീസ് ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ ടി ബസ്സുകൾക്ക് വാടക നൽകുന്നതിനുള്ള വരുമാനം പോലും ലഭിക്കാത്ത സാഹചര്യത്തിലും, കോവിഡ്-19ന് ശേഷം ഇത്തരം എ.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് യാത്രക്കാർ വിമുഖത കാണിച്ചിരുന്നതിനാലും ടി സർവ്വീസ് നടത്തുവാൻ കഴിയാതെ സുരക്ഷിതമായ സ്ഥലങ്ങളിൽ ടി ബസ്സുകൾ പാർക്കു ചെയ്തിരിക്കുകയാണ്. ഡീസൽ വില വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ഹരിത ഇന്ധനത്തിലേയ്ക്ക് മാറുന്നതിന്റെ പ്രാരംഭ ഘട്ടമായി ഒരു സി.എൻ.ജി ബസ് ഉപയോഗിച്ച് എറണാകുളം - തിരുവനന്തപുരം റൂട്ടിൽ വിജയകരമായി സർവ്വീസ് നടത്തി വരികയും, 2 എൽ.എൻ.ജി ബസ് ഉപയോഗിച്ച് എറണാകുളം-തൃശ്ശൂർ റൂട്ടിൽ പരീക്ഷണ ഓട്ടം 21.06.2021 മുതൽ 31.10.2021 തീയതി വരെ നടത്തുകയും ചെയ്തു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പൊതുമേഖലാ എണ്ണ കമ്പനികളുടെ സഹകരണത്തോടെ ഡിപ്പോകളിലെ 35 ഡീസൽ പമ്പുകളിൽ ഓട്ടോമേഷൻ ഉപകരണങ്ങൾ fit ചെയ്യുകയും അതിൽ 3 എണ്ണം പൂർണ്ണമായി പ്രവർത്തന ക്ഷമമാകുകയും 32 pumpകളിൽ

| | | | |
|---|---|---|---|
| | | | ഇവയുടെ trail run നടന്നു വരികയും ചെയ്യുന്നു. ഇതുവഴി ബസ്സുകളുടെ ദിവസേനയുള്ള ഡീസൽ ഉപഭോഗവും, ഇന്ധനക്ഷമതയും ഓൺലൈൻ വഴി നേരിട്ട് പരിശോധിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. |
| (സി) | പ്രതികൂലമായ സാഹചര്യം നിലനിൽക്കുമ്പോഴും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും സർക്കാരാണ് നൽകിവരുന്നത്. ഇതിനുപുറമെ 2020 നവംബർ മാസം മുതൽ ഇടക്കാലാശ്വാസമായി ഓരോ ജീവനക്കാരനും 1500/- രൂപ വീതവും, 2021 മാർച്ച് മാസം മുതൽ കുടിശ്ശികയുള്ള ക്ഷാമബത്തയിൽ നിന്ന് 14% ക്ഷാമബത്തയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല ജീവനക്കാരുടെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ചർച്ചകൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി 27.10.2021-ന് മുഖ്യമന്ത്രിതല ചർച്ച നടത്തുകയും, വരുമാനം വർദ്ധിപ്പിച്ച് ചിലവ് ചുരുക്കുന്നതിനു വിവിധ നടപടികൾ സ്വീകരിക്കണമെന്ന നിബന്ധനയോടെ ശമ്പള പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ധാരണയായിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഗതാഗത വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റും, അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായും 03.11.2021-ൽ ചർച്ച നടന്നിരുന്നു. എന്നാൽ, ശമ്പള പരിഷ്കരണം സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |
| (ഡി) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി. ബസ്സുകളിലും കോർപ്പറേഷന്റെ വസ്തുവകകളിലും പരസ്യം വഴി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പരസ്യം ചെയ്യുന്നതിന് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; നിലവിലുള്ള നിബന്ധനകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും സുതാര്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യം ചെയ്യുന്നതിന് നിലവിൽ കെ.എസ്.ആർ.ടി.സി നേരിട്ട് തന്നെ പരസ്യദാതാക്കളെ കണ്ടെത്തി പരസ്യം നൽകിവരുന്നു. പരസ്യ ദാതാക്കളെ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 22 മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്മാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കൊമേഴ്സ്യൽ വിഭാഗത്തിനെ കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുണ്ട്. ഒരേ സമയം കൂടുതൽ ബസ്സുകളിൽ പരസ്യവും, പരസ്യ കാലാവധിയും നൽകുന്ന പരസ്യ ദാതാക്കൾക്ക് അതിന് ആനുപാതികമായാണ് പരസ്യനിരക്ക് കണക്കാക്കുന്നത്. കോർപ്പറേഷന്റെ വസ്തുവകകളിൽ ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം ചെയ്യുന്നതിന് (ബസ് സ്റ്റേഷൻ പരസ്യം) നിലവിൽ ലൈസൻസ് അനുവദിച്ചുവരുന്നു. ലൈസൻസിയെ കണ്ടെത്തുന്നത് കെ.എസ്.ആർ.ടി.സി., പരസ്യ ലേലം / ടെണ്ടർ നടപടിയിലൂടെയാണ്. പരസ്യ ദാതാക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | നിലവിലുള്ള നടപടി ക്രമങ്ങളിൽ കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെ അംഗീകാരത്തോടെ കാലോചിതമായ മാറ്റം വരുത്തി കൂടുതൽ സുതാര്യവും ലഘുവാകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ